LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. എന്നാൽ നിലവിലെ ഉത്തരവ് പ്രകാരം പുതിയ മാവേലി സ്റ്റോറിന് ആവശ്യമായ 5 വർഷ വാടകരഹിത കെട്ടിടം പഞ്ചായത്ത് അനുവദിച്ചുനൽകാമെന്ന് വ്യക്തമായി രേഖപ്പെടുത്തിയ പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല, ലഭ്യമായ നിർദ്ദിഷ്ട കെട്ടിടത്തിന് സപ്ലൈകോ വാടക നൽകണമെന്നും പുതിയ വിൽപ്പനശാലയ്ക്ക് ആവശ്യമായ ജീവനക്കാർ ലഭ്യമല്ലെന്നും റീജിയണൽ മാനേജർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ നിർദ്ദിഷ്ട കെട്ടിടം നേരിൽ പരിശോധിച്ച് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾകൂടി വിലയിരുത്തി റിപ്പോർട്ട് നൽകുന്നതിന് സപ്ലൈകോ മേഖലാ മാനേജർക്ക് തുടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പയ്യന്നൂർ താലൂക്ക് സപ്ലൈ ഓഫീസ്

121 (132) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ താലൂക്ക് സപ്ലൈ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പയ്യന്നൂർ താലൂക്ക് സപ്ലൈ ആഫീസിലേയ്ക്ക് ആവശ്യമുള്ള ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഓഫീസ് ആവശ്യത്തിനുള്ള ഫർണിച്ചറുകൾ കണ്ണൂർ ജില്ലാ സപ്ലൈ ആഫീസ്, കണ്ണൂർ താലൂക്ക് സപ്ലൈ ആഫീസ് എന്നിവിടങ്ങളിൽനിന്നും അധികമുള്ള ഉപയോഗ യോഗ്യമായവ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഹോസ്ദുർഗ് താലൂക്ക് സപ്ലൈ ആഫീസിലെ വാഹനം ആഴ്ചയിൽ രണ്ട് ദിവസം പയ്യന്നൂർ താലൂക്ക് സപ്ലൈ ആഫീസിനായി അനുവദിച്ചു നൽകിയിട്ടുണ്ട്. പയ്യന്നൂർ താലൂക്ക് സപ്ലൈ ആഫീസിനായി പയ്യന്നൂർ നഗര സഭയിലെ രാമന്തളി മുസ്ലിം ജമാ അത്ത് കമ്മിറ്റിയുടെ ഉടമസ്ഥതയിലുള്ള 14 വാർഡിൽ ഉൾപ്പെട്ട താഴത്തെ നിലയിലുള്ളതും മുകളിലത്തെ നിലയിലുള്ളതുമായ മുറി കണ്ടെത്തിയിട്ടുണ്ട്. പയ്യന്നൂർ താലൂക്ക് സപ്ലൈ ആഫീസിന് ടഷറി ആതറൈസേഷൻ ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

നെല്ലിന്റെ സംഭരണ വില

122 (133) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ വർദ്ധിപ്പിച്ച നിരക്കിലുള്ള സംഭരണ വില എന്ന് മുതൽ സംഭരിച്ച നെല്ലിനാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

കിലോഗ്രാമിന് 28 രൂപയായി വർദ്ധിപ്പിച്ച നെല്ലിന്റെ സംഭരണ വില 2021 സെപ്റ്റംബർ മുതൽ ആരംഭിക്കുന്ന 2021-22 സീസണിൽ സംഭരിക്കുന്ന നെല്ലിനാണ് നൽകുന്നത്.

(ബി) തൃശ്ശൂർ ജില്ലയിൽ ഈ സീസണിൽ സംഭരിച്ച നെല്ലിന്റെ മുഴുവൻ വിലയും നൽകിയിട്ടുണ്ടോ?

ഈ സീസണിൽ തൃശ്ശൂർ ജില്ലയിൽനിന്ന് സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും നൽകിയിട്ടില്ല.

(സി) സംഭരണ വില കുടിശ്ശികയുണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ?

തൃശ്ശൂർ ജില്ലയിൽ നെല്ല് സംഭരിച്ച ഇനത്തിൽ 40.58 കോടി രൂപയാണ് കുടിശ്ശികയായിട്ടുള്ളത്.

ഭക്ഷ്യകിറ്റിലെ സാധനങ്ങളുടെ ഗുണനിലവാരം

123 (134) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരമേറ്റത് മുതൽ ഇതുവരെ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന സംസ്ഥാനത്ത് എത്ര ഭക്ഷ്യകിറ്റുകൾ എത്ര തവണകളായി വിതരണം ചെയ്തിട്ടുണ്ടെന്നും ഓരോ കിറ്റിലും എത്ര രൂപയുടെ സാധനങ്ങളാണ് ഉണ്ടായിരുന്നതെന്നും വിശദമാക്കുമോ?

സിവിൽ സപ്ലൈസ് വകുപ്പ് മുഖേന സംസ്ഥാനത്ത് വിതരണം ചെയ്ത ഭക്ഷ്യകിറ്റുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) കിറ്റിലെ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; ഗുണനിലവാരം കുറവാണെന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കർശനമായ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സപ്ലൈയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly